**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1431** **01-07-2026-ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനഃസംഘടന**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത്

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കേരള സംസ്ഥാന ആസൂത്രണ ബോർഡിനെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാന ആസൂത്രണ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാന ആസൂത്രണ ബോർഡ് നിലവിൽ സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനം എടുക്കേണ്ട വിഷയങ്ങളിൽ ഉപദേശക സമിതി ആയി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. പഞ്ചവത്സര-വാർഷിക പദ്ധതികളുടെ രൂപീകരണം, അവലോകനം, വിവിധ വികസന പഠനങ്ങൾ, നയരൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കൽ, വകുപ്പുകളുടെ ഏകോപനം എന്നിവ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനോടൊപ്പം മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ആശയങ്ങളെ പ്രായോഗിക പദ്ധതികളായി മാറ്റുന്നതിനുമായി സിവിൽ സൊസൈറ്റി സംഘടനകളും സംസ്ഥാന സർക്കാരും തമ്മിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുവാൻ കൂടി ഉതകുന്ന തരത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിനെ സർക്കാരിന്റെ ഒരു 'തിങ്ക്-ടാങ്ക്'' (ചിന്താ സമിതി) ആയി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** മുൻഗണന പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ആശയങ്ങളെ പ്രായോഗിക പദ്ധതികളായി മാറ്റുന്നതിനും സാധിക്കുന്ന ഒരു ചിന്താ സമിതിയായി ആസൂത്രണ ബോർഡിനെ മാറ്റുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** സംസ്ഥാന ആസൂത്രണ ബോർഡ് നിലവിൽ സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനം എടുക്കേണ്ട വിഷയങ്ങളിൽ ഉപദേശക സമിതി ആയി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. പഞ്ചവത്സര-വാർഷിക പദ്ധതികളുടെ രൂപീകരണം, അവലോകനം, വിവിധ വികസന പഠനങ്ങൾ, നയരൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കൽ, വകുപ്പുകളുടെ ഏകോപനം എന്നിവ

സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനോടൊപ്പം മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ആശയങ്ങളെ പ്രായോഗിക പദ്ധതികളായി മാറ്റുന്നതിനുമായി സിവിൽ സൊസൈറ്റി സംഘടനകളും സംസ്ഥാന സർക്കാരും തമ്മിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുവാൻ കൂടി ഉതകുന്ന തരത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിനെ സർക്കാരിന്റെ ഒരു 'തിങ്ക്-ടാങ്ക്' (ചിന്താ സമിതി) ആയി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**